# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -18 25.04.2017 ൽ മറുപടിയ്ക്ക്

## ലൈംഗിക അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിലെ പോലീസ് വീഴ്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. ജോയി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഉന്നത സ്ഥാനീയരടക്കം ഉൾപ്പെടുന്ന ലൈംഗിക അതിക്രമങ്ങൾ കർശനമായി അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) ലൈംഗിക അതിക്രമങ്ങൾ നടത്തിയതായി ശ്രദ്ധപ്പെട്ടാൽ ഉന്നത സ്ഥാനീയർ അടക്കമുള്ള കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമം അനുശാസിക്കുന്ന നിയമ നടപടികൾ കർശനമായി സ്വീകരിച്ച് വരുന്നുണ്ട്. ഇക്കാര്യത്തിൽ പോലീസ് ജാഗ്രതയോടെയാണ് പ്രവർത്തിയ്ക്കുന്നത്. ഏതൊരാളും, ഏത് സമയത്തും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് ഭയലേശ്യമന്യേ പോലീസ് സ്റ്റേഷനിൽ കടന്ന് ചെന്ന് പരാതിപ്പെടാവുന്നതാണ്. ഇത്തരം പരാതികൾ എത്രയും വേഗം അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഇത്തരം സംഭവങ്ങളെക്കുറിച്ച് വിവരം ലഭിക്കുമ്പോൾ അതിദ്രുതം നടപടിയെടുക്കാൻ പോലീസ് പലപ്പോഴും വീഴ്ച വരുത്തുന്നതായുള്ള പരാതി പരിഹരിക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ; | (ബി) ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് വിവരം ലഭിക്കുമ്പോൾ തന്നെ പോലീസ് അതിദ്രുതം വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേക വിംഗ് രൂപീകരിച്ച് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇടപെടൽ നടത്താൻ നടപടിയെടുക്കുമോ? | (സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും, അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ച് വരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി |

വുമൺ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ച് വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്നതാണ്. കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസ്സോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.

കൂടാതെ സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി വനിതാ ബറ്റാലിയന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.